**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3526</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആശ്വാസകിരണം പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി അപേക്ഷിക്കേണ്ട വിധം അറിയിക്കാമോ; അർഹതാ മാനദണ്ഡം വിശദമാക്കാമോ; | (എ) | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതി 2010-ലാണ് ആരംഭിച്ചത്.<br><br>അപേക്ഷകൾ വനിതാ ശിശുവികസന വകുപ്പിലെ സിഡിപിഒ, സൂപ്പർവൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ /ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്. മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ 2018-2022 കാലയളവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം അറിയിക്കുമോ; | (ബി) | 1.10.2012 ലെ സ.ഉ. (എം.എസ്) നം. 60/2012/ സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേകളിന്മേലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല. നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ 2018-2022 കാലയളവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്നു മാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.<br><br>അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ബാക്കിയുള്ളവയ്ക്ക് തടസങ്ങളുണ്ടെങ്കിൽ അറിയിക്കാമോ; അവ എന്നത്തേക്ക് തീർപ്പ് കല്പിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | 1.10.2012 ലെ സ.ഉ. (എം.എസ്) നം. 60/2012/ സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേകളിന്മേലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല. നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ 2018-2022 കാലയളവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്നു |

| | | | |
|---|---|---|---|
| | | | മാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.<br><br>അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**മാനദണ്ഡങ്ങൾ**

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.

- മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.

- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻ കാർഡ് പകർപ്പ്/ വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.

- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.

- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസ കിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.